LIBRARY ARCHIVES Kerala Legislative Assembly

അമ്പലം, പള്ളി, ഹരിജൻ കോളനി എന്നിവ ഇല്ലെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യം കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ പറഞ്ഞിട്ടുമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കുട്ടനല്ലൂരിലെ മേപ്പടി കെട്ടിടത്തിൽ ഷാപ്പ് മാറ്റി സ്ഥാപിക്കുകയുണ്ടായി. നിലവിലുള്ള അബ്ക്കാരി ഷാപ്പ് ഡിസ്പ്പോസൽ റൂൾ 7/2 പ്രകാരം ദൂരപരിധി പാലിച്ചാണ് ടി ഷാപ്പ് പ്രവർത്തിച്ചുവരുന്നത്. ഷാപ്പിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച റിട്ട് പെറ്റിഷൻ കോടതി ഡിസ്മിസ് ചെയ്തിട്ടുണ്ട്. മാത്രവുമല്ല അബ്ക്കാരി നിയമത്തിലെ ലംഘനമല്ലാതെ മറ്റ് കാരണങ്ങളാൽ വിദേശ മദ്യഷാപ്പുകൾ പ്രവർത്തിക്കുന്നു എന്ന കാരണത്താൽ അത് ശരിയായി അനുമാനിക്കാൻ കഴിയില്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 2009 മേയ് മാസത്തിലെ വിധിയിൽ വ്യക്തമാക്കിയിട്ടുണ്ട്. അതേസമയം ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചപ്രകാരം എഫ്. എൽ. 1-ഷാപ്പ് മാറ്റി സ്ഥാപിക്കണമെന്ന എക്സൈസ് കമ്മീഷണറുടെ ഉത്തരവ് പരിശോധിക്കുകയും ശരിയായ ഒരു തീരുമാനം കൈക്കൊള്ളുന്നതിന് എത്രയും പെട്ടെന്ന് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

(11) സെറ്റ് പരീക്ഷയ്ക്ക് ഏർപ്പെടുത്തിയിരിക്കുന്ന നെഗറ്റീവ് മാർക്ക്

ശ്രീ. പി. ടി. എ. റഹീം : സർ, നാഷണൽ എലിജിബിലിറ്റി ടെസ്റ്റിന് മൈനസ് മാർക്ക് ഇല്ല, എന്നാൽ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റിന് മൈനസ് മാർക്ക് ഇടുന്നത് കാരണം ഇപ്രാവശ്യം 6 ശതമാനത്തിൽ താഴെ കുട്ടികൾ മാത്രമാണ് പാസായിട്ടുള്ളത്. കുലുക്കിക്കുത്ത് കൊണ്ടാണ് മൈനസ് മാർക്ക് വരുന്നത്. പക്ഷേ, ഞാൻ ഉന്നയിക്കുന്ന പ്രശ്നം, അര മാർക്കിന് പരാജയപ്പെട്ടിട്ടുള്ള ആളുകളുണ്ട്, അര മാർക്ക് കൊടുക്കുന്നത് നീതിയുക്തമായ ഒരു നടപടിയല്ല. അതുകൊണ്ട് അര മാർക്ക് കുറഞ്ഞ ആളുകൾ കൂടി വിജയിച്ചതായി കണക്കാക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എന്റെ ആവശ്യം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : സർ, സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് ഇത്തവണ ഒരു ചർച്ചയുടേയും വിദഗ്ദ്ധ പരിശോധനയുടേയും അടിസ്ഥാനത്തിൽ പുതിയ രൂപത്തിലാണ് നടത്തിയത്. അപ്പോഴാണ് ഈ പറയുന്ന പ്രശ്നങ്ങൾ സംഭവിച്ചിരിക്കുന്നത്. ഹയർ എഡ്യൂക്കേഷൻ കൗൺസിൽ, യൂണിവേഴ്സിറ്റി വൈസ് ചാൻസലർമാർ, ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ ഇതു സംബന്ധിച്ച് ഒരു പരിശോധന നടത്തി. ദീർഘകാലാടിസ്ഥാനത്തിൽ ഇതിന് എങ്ങനെ പരിഹാരം കണ്ടെത്താൻ കഴിയും, പരീക്ഷാ നടത്തിപ്പിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ടോ എന്ന് പരിശോധിക്കുന്നതാണ്. അതിന്റെ പരിശോധന നടത്തുന്ന ഘട്ടത്തിൽ ശ്രീ. പി. ടി. എ. റഹീം ഉന്നയിച്ച കാര്യവും ഇതിന്റെ ഭാഗമായി പരിഗണിക്കാം. അടിയന്തരമായി എന്തെങ്കിലും നടപടി കൈക്കൊള്ളാൻ കഴിയുമോ എന്നുള്ള കാര്യവും പരിശോധിക്കുന്നതാണ്.